**പതിനാലാം കേരള നിയമസഭ**

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി**
**(2019-2021)**

**ഇരുപത്തി എട്ടാമത്....... റിപ്പോർട്ട്**

**(2021 ജനുവരി മാസം 21...-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**[സമിതി (2009-2011) യുടെ ഇരുപത്തിരണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ട്]**

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**
**2021**

Rs.

## പതിനാലാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2019-21)

## ഇരുപത്തി..എട്ടാമത് റിപ്പോർട്ട്

(2021 ജനുവരി മാസം ..21..-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2009-2011) യുടെ ഇരുപത്തിരണ്ടാമത്
റിപ്പോർട്ടിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ട്]

Rs.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | v |
| മുഖവുര | : | vii |
| റിപ്പോർട്ട് | : | I |
| അനുബന്ധം | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/തുടർ ശിപാർശകളും | : | 20 |


Rs.

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-21)

## ഘടന

**അദ്ധ്യക്ഷൻ**

ശ്രീ. കെ. സുരേഷ് കുറുപ്പ്

**അംഗങ്ങൾ**

ശ്രീ. കെ.വി. അബ്ദുൾ ഖാദർ

ശ്രീ. ടി.എ. അഹമ്മദ് കബീർ

ശ്രീ. അനിൽ അക്കര

ശ്രീമതി ഇ.എസ്. ബിജിമോൾ

ശ്രീ. വി.കെ.സി. മമ്മത് കോയ

ഡോ. എം.കെ. മുനീർ

ശ്രീ. പി.ടി. തോമസ്

*ശ്രീ. തോമസ് ചാണ്ടി

**ശ്രീ. കെ.വി. വിജയദാസ്

***ശ്രീ. എൻ. വിജയൻപിള്ള

**നിയമസഭാ സെക്രട്ടേറിയറ്റ്**

ശ്രീ. എസ്.വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ത്രിദീപ്. കെ.ജി, ജോയിന്റ് സെക്രട്ടറി

ശ്രീമതി. എ.വി.ജോസഫൈൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ. ജി, അണ്ടർ സെക്രട്ടറി

---

* 2019 ഡിസംബർ മാസം 20-ാം തീയതി നിര്യാതനായി.

** 2021 ജനവരി മാസം 18-ാം തീയതി നിര്യാതനായി.

*** 2020 മാർച്ച് മാസം 08-ാം തീയതി നിര്യാതനായി.

Rs.

## മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2019-2021) യുടെ 78-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2009-2011)യുടെ ഇരുപത്തിരണ്ടാമത് റിപ്പോർട്ടിലെ (കണ്ണൂർ ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2021 ജനുവരി മാസം 19-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ശിപാർശകളിന്മേലുള്ള സർക്കാർ നടപടികളുടെ പരിശോധനാവേളയിൽ സമിതിക്ക് ആവശ്യമായ സഹായങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

കെ. സുരേഷ് കുറുപ്പ്,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2021 ജനുവരി 21

Rs.

# റിപ്പോർട്ട്

## അദ്ധ്യായം I

1.1 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2009-11)യുടെ ഇരുപത്തിരണ്ടാമത് റിപ്പോർട്ടിലെ (കണ്ണൂർ ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുൾപ്പെട്ടതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2009-11)യുടെ ഇരുപത്തിരണ്ടാമത് റിപ്പോർട്ട് 2009 ജൂലൈ മാസം 6-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ആകെ 13 ശിപാർശകളാണുള്ളത്.

1.3 റിപ്പോർട്ടിലെ ശിപാർശ ഖണ്ഡികകളിന്മേൽ സർക്കാർ ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകൾ 25.09.2013, 22.01.2020 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും ശിപാർശ ഖണ്ഡിക 23, 32, 80, 84 എന്നിവയിന്മേൽ സർക്കാർ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിച്ച സമിതി ഇവ സംബന്ധിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ അധികവിവരം ആരാഞ്ഞു. എന്നാൽ ആയതിനുള്ള മറുപടി നാളിതുവരെ ലഭിച്ചിട്ടില്ല. ഖണ്ഡിക 45, 73 എന്നിവ സംബന്ധിച്ച് തുടർശിപാർശ നൽകുവാൻ സമിതി തീരുമാനിച്ചു.

1.4 സമിതി റിപ്പോർട്ടിലെ ശിപാർശ, ശിപാർശകളിന്മേൽ ലഭിച്ച സർക്കാർ മറുപടി, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്, തുടർശിപാർശ എന്നിവ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

1.5 സർക്കാരിൽ നിന്നും ലഭിച്ച മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പിന്റെയും അടിസ്ഥാനത്തിൽ അനന്തരനടപടികൾ തുടരേണ്ടതില്ല എന്നു തീരുമാനിച്ച ശിപാർശകളും ആയതിന്മേൽ ലഭിച്ച മറുപടികളും അദ്ധ്യായം III-ൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

**സമിതിയുടെ ശിപാർശകളും സർക്കാർ സ്വീകരിച്ച നടപടികളും ശിപാർശകളിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധികവിവരങ്ങളും തുടർശിപാർശകളും.**

### ഖണ്ഡിക നമ്പർ 23

### ശിപാർശ

2.1.1 ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് വാങ്ങിയ ചർക്കകൾ ബ്ലോക്കിന്റെ അസറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തണമെന്നും ഇതു സംബന്ധിച്ച സർട്ടിഫിക്കറ്റ് ഖാദി കേന്ദ്രത്തിൽ നിന്നും വാങ്ങി സൂക്ഷിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. അതുപോലെതന്നെ ചർക്കകൾ വാങ്ങിയതിന്റെ ആകെ ബിൽ തുകയായ 5,51,579/- രൂപയിൽ 3,00,000/- രൂപയ്ക്കുള്ള ബില്ല് മാത്രമേ ഫയലിൽ ലഭ്യമായുള്ളൂ എന്നു സമിതി മനസ്സിലാക്കുന്നു. 5,25,000/- രൂപ നൽകിയതിൽ ബാക്കി 2,25,000/- രൂപയുടെ വിനിയോഗം സംബന്ധിച്ചുള്ള രേഖകൾ ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമല്ല എന്നതും ഗൗരവമായ വസ്തുതയാണ്. ആകയാൽ ഈ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തി, ഖാദി കേന്ദ്രത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിലെയും ഫയലുകൾ പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.1.2 കണ്ണൂർ അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (പി.എ.)ടെ അന്വേഷണ റിപ്പോർട്ട് അനുബന്ധമായി കൊടുത്തിരിക്കുന്നു. (അനുബന്ധം II)

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.1.3 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി ശിപാർശയിൽ 100% സബ്സിഡി നൽകിയ നടപടി പരിശോധനാ വിധേയമാക്കേണ്ടതാണെന്നും അധിക ചെലവിന് ഉത്തരവാദിയായവർക്കെതിരെ ബാധ്യത നിർണ്ണയിച്ച് തുക ഈടാക്കണമെന്നും പറഞ്ഞിരുന്നുവെങ്കിലും അത് നടപ്പിൽ വരുത്തിയിട്ടില്ല. സമിതി ശുപാർശയിൽ ബ്ലോക്ക് പഞ്ചായത്ത് പ്ലാൻ ഫണ്ടിൽ നിന്നും 100% സബ്സിഡി നൽകി വാങ്ങിയ

സാധനങ്ങൾ ബ്ലോക്കിന്റെ അസറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തണമെന്നും ഇതു സംബന്ധിച്ച് സർട്ടിഫിക്കറ്റ് ഖാദി കേന്ദ്രത്തിൽ നിന്നും വാങ്ങി സൂക്ഷിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ആയത് പാലിക്കപ്പെട്ടിട്ടില്ല. സാധനങ്ങൾ ബ്ലോക്കിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശവും പാലിക്കപ്പെട്ടിട്ടില്ല. അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ നടത്തിയ അന്വേഷണ റിപ്പോർട്ടിൽ മേൽ വിവരങ്ങൾ സംബന്ധിച്ച് പരാമർശിച്ചതായി കാണുന്നില്ല.

## തുടർശിപാർശ

**2.1.4 ബ്ലോക്ക് പഞ്ചായത്ത് പ്ലാൻഫണ്ടിൽ നിന്നും 100% സബ്സിഡി നൽകി വാങ്ങിയ സാധനങ്ങൾ ബ്ലോക്കിന്റെ അസറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തുകയും, അതു സംബന്ധിച്ച സർട്ടിഫിക്കറ്റ് ഖാദി കേന്ദ്രത്തിൽ നിന്നു വാങ്ങി സൂക്ഷിക്കുകയും, സാധനങ്ങൾ ബ്ലോക്കിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തുകയും, 100% സബ്സിഡി നൽകിയ നടപടി പരിശോധനാവിധേയമാക്കി അധികച്ചെലവിന് ഉത്തരവാദിയായവരിൽ നിന്നു തുക ഈടാക്കുകയും ചെയ്തതു സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുത്തിയ വിശദമായ റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

## ഖണ്ഡിക നമ്പർ 32

## ശിപാർശ

2.2.1 നബാർഡ് സ്കീം പ്രകാരം നടത്തിയ മൂന്നാം പീടിക-വട്ടിപ്രം റോഡു പണിയിൽ 5.6% വില്പന നികുതിയും 15% സർചാർജ്ജും ഈടാക്കണമെന്നിരിക്കെ പുതുക്കിയ സാങ്കേതികാനുമതിയിലും ബിൽ തുക കണക്കാക്കുന്നതിലും 2.1% നിരക്കിൽ മാത്രം വിൽപ്പന നികുതി കണക്കാക്കിയത് എന്തടിസ്ഥാനത്തിലാണെന്ന് പരിശോധിക്കുകയും നിലവിലുള്ള നിരക്കിൽ വില്പന നികുതി ഈടാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. വിൽപ്പന നികുതി ഈടാക്കിയത് സംബന്ധിച്ച വിശദ വിവരങ്ങൾ സമിതിക്ക് നൽകണമെന്നും സമിതി ആവശ്യപ്പെടുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.2.2 പ്രോജക്ട് എസ്റ്റിമേറ്റിൽ ടാക്സ് പ്രൊവിഷൻ ഇനത്തിൽ 2.1% വില്പന നികുതിയും 1% നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതവും ഉൾപ്പെടുത്തുകയും ആയതിന് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരവും സാങ്കേതികാനുമതിയും ലഭിച്ചിരുന്നതായും ആയതിനാലാണ് 2.1% നികുതി കണക്കാക്കിയിട്ടുള്ളത് എന്നും ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതുകൊണ്ടാണ് ടാക്സ് പ്രൊവിഷൻ ഉൾപ്പെടുത്തിയതെന്നും കൺവീനർക്ക് ഇതുവരെ ഫൈനൽ ബിൽ തുക നൽകിയിട്ടില്ലായെന്നും വിൽപ്പന നികുതിയും 15% സർചാർജ്ജും ഒടുക്കുന്നതിന് വേണ്ടി പ്രവൃത്തി കൺവീനർക്ക് രേഖാമൂലം നിർദ്ദേശം നൽകിയിട്ടുണ്ടെന്നും കുത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

2.2.3 നബാർഡ് സ്കീം പ്രകാരം നടത്തിയ മൂന്നാംപീടിക-വട്ടിപ്രം റോഡുപണിയുടെ കൺവീനർക്ക് ഇതുവരെ ഫൈനൽ ബിൽ തുക നൽകിയിട്ടില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ആകെ 49,13,253 രൂപയുടെ പ്രവൃത്തി നടത്തിയതിൽ പാർട്ട്ബിൽ, ടാറിന്റെയും ടാർ ബാരലിന്റെയും വില, ഇലക്ട്രിക് പോസ്റ്റ് മാറ്റിവെക്കൽ എന്നിവ കഴിച്ച് 2,69,362/- രൂപ നൽകുവാൻ ബാക്കിയുണ്ട്. എന്നാൽ ഇതുവരെയായി വിൽപ്പന നികുതി, വിൽപ്പന നികുതി സർചാർജ്ജ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ പാർട്ട് ബില്ലുകളിൽ നിന്നും ഈടാക്കി ഒടുക്കിയതായി കാണുന്നില്ല. 5.6% വിൽപ്പന നികുതിയും 15% സർചാർജ്ജും, 1% നിർമ്മാണതൊഴിലാളി ക്ഷേമനിധിയും സെക്വേർഡ് അഡ്വാൻസായി അനുവദിച്ച 2,50,000/- രൂപയുടെ 7/99 മുതൽ 18.03.2011 വരെയുള്ള 18% പലിശയും തിരിച്ചടക്കുന്നതിന് വേണ്ടി കൺവീനർക്ക് 24.11.11-ന് കത്ത് നൽകിയിട്ടുണ്ട്. മറ്റു തുടർ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല.

## ശുപാർശ

**2.2.4 വിൽപ്പന നികുതി, വിൽപ്പന നികുതി സർചാർജ്ജ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവയിലേക്ക് പാർട്ട് ബില്ലുകളിൽ നിന്നും തുക ഈടാക്കി ഒടുക്കുന്നതിനും, സെക്വേർഡ് അഡ്വാൻസായി അനുവദിച്ച**

**2,50,000/- രൂപയുടെ 7/99 മുതൽ 18.03.2011 വരെയുള്ള പലിശയും തിരിച്ചടയ്ക്കുന്നതിനും വേണ്ടി കൺവീനർക്ക് 24.11.2011-ന് നിർദ്ദേശം നൽകിയിരുന്നെങ്കിലും തുടർ നടപടികൾ സ്വീകരിച്ചില്ലെന്നുള്ള ഓഡിറ്റിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**<u>ഖണ്ഡിക നമ്പർ 45</u>**

**<u>ശിപാർശ</u>**

2.3.1 ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിൽ ഹാച്ചറി സ്ഥാപിക്കുന്നതിനാവശ്യമായ പദ്ധതിപ്പണം ചെലവുചെയ്തതിന്റെ വൗച്ചറുകളോ രസീതുകളോ ഇതു സംബന്ധിച്ച മറ്റു രേഖകളോ ഫയലോ പദ്ധതി നിർവ്വഹണോദ്യോഗസ്ഥനായ സീനിയർ വെറ്ററിനറി സർജൻ ശ്രീ. എ. ജി. രവീന്ദ്രൻ ഓഡിറ്റിന് ഹാജരാക്കിയില്ല എന്നതു വളരെ ഗൗരവമായ ഒരു സംഗതിയായി സമിതി കാണുന്നു. വേണ്ട രേഖകൾ ഓഡിറ്റിനു ഹാജരാക്കാത്തത് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിനെ തടസ്സപ്പെടുത്തുന്ന പ്രവർത്തിയാണെന്നും ഇത് LFA Act പ്രകാരം പ്രോസിക്യൂഷൻ നടപടി അർഹിക്കുന്ന കുറ്റമാണെന്നും സമിതി വിലയിരുത്തുന്നു. ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങൾ കൈപ്പറ്റിയിട്ടും ആയതിന് മറുപടി നൽകുന്നതിൽപോലും തികഞ്ഞ അനാസ്ഥ കാണിക്കുന്നതിൽ നിന്നും വെറ്ററിനറി സർജന്റെ ഭാഗത്ത് ഗുരുതരമായ വീഴ്ചയും സാമ്പത്തിക ക്രമക്കേടും നടന്നിട്ടുള്ളതായി അനുമാനിക്കാം. ആയതിനാൽ സീനിയർ വെറ്ററിനറി സർജനായ ശ്രീ. എ. ജി. രവീന്ദ്രനെതിരെ സാമ്പത്തിക ക്രമക്കേടുകൾക്ക് ക്രിമിനൽ നടപടിയും, ഓഡിറ്റിന് രേഖകൾ സമർപ്പിക്കാത്തതിന് LFA Act പ്രകാരവും, ഓഡിറ്റ് റിപ്പോർട്ടിന് മറുപടി നൽകാത്തതിന് വകുപ്പുതലത്തിലും നടപടി സ്വീകരിച്ച് സമിതിയെ അറിയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

2.3.2. 1999-2000 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റിൽ രേഖകൾ ഹാജരാക്കാത്ത വെറ്ററിനറി സർജനായ ശ്രീ. എ. ജി. രവീന്ദ്രനിൽ നിന്ന് 2,94,251/- രൂപ ഈടാക്കുന്നതിന് സർചാർജ്ജ് നോട്ടീസ് അയച്ചിട്ടുണ്ടെന്നും എന്നാൽ ടിയാൻ സർവ്വീസിലിരിക്കെ മരണമടഞ്ഞ സാഹചര്യത്തിൽ മേൽ തുക ടിയാന്റെ പെൻഷനറി

ബെനിഫിറ്റിൽ നിന്ന് പിടിക്കുന്നതിന് അനിമൽ ഹസ്ബന്ററി ഡയറക്ടർക്ക് കത്ത് അയച്ചിട്ടുണ്ടെന്നും ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

2.3.3 ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥൻ വെറ്ററിനറി സർജൻ ശ്രീ. എ. ജി. രവീന്ദ്രൻ സർവ്വീസിലിരിക്കെ മരണപ്പെട്ടതിനാൽ നഷ്ടമായ തുക 2,94,251/- രൂപ ടിയാന്റെ പെൻഷൻ ബെനിഫിറ്റിൽ നിന്നും പിടിക്കുന്നതിന് അനിമൽ ഹസ്ബന്ററി ഡയറക്ടർക്ക് അയച്ച കത്ത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇരിട്ടി മേഖലയിൽ 06.08.2012-ന് ഉണ്ടായ വെള്ളപ്പൊക്കത്തിൽ ഫയലുകളും രജിസ്റ്ററുകളും നശിച്ച് പോയിരുന്നു എന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്.

**തുടർശിപാർശ**

**2.3.4 പഞ്ചായത്തിന് നഷ്ടമായ തുക ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥന്റെ പെൻഷൻ ബെനിഫിറ്റിൽനിന്നും ഈടാക്കിയതു സംബന്ധിച്ച വിശദവിവരം അറിയിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഖണ്ഡിക നമ്പർ 73**

**ശിപാർശ**

2.4.1 കൊളന്ത എ.എൽ.പി. സ്കൂൾ പട്ടികജാതി കോളനി റോഡിന്റെ പണിയ്ക്കായി നൽകിയ 48 ബാരൽ ടാറിൽ ഉപയോഗിക്കാതെ ബാക്കി വന്ന 14 ബാരൽ ടാറിന്റെ വിലയായ 23,464/- രൂപ ബന്ധപ്പെട്ട കൺവീനറായ ശ്രീ. ജനാർദ്ദനനിൽ നിന്നും അടിയന്തരമായി പലിശ സഹിതം ഈടാക്കി പഞ്ചായത്തു ഫണ്ടിൽ മുതൽക്കൂട്ടണമെന്നും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയുടെ വിശദവിവരം സമിതിയെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ആവശ്യത്തിൽക്കൂടുതൽ ടാർ നൽകുകയും പ്രവൃത്തി പൂർത്തിയാക്കിയശേഷം ബാക്കി വന്ന ടാർ പഞ്ചായത്തിലേക്ക് തിരികെ എടുക്കാതിരിക്കുകയും ചെയ്ത ഉദ്യോഗസ്ഥന്റെ പേരിൽ കർശന വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.4.2 ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുകയായ 23,449/- രൂപ അന്നത്തെ സെക്രട്ടറിയായ ശ്രീ. എൻ വാസുദേവൻ മാവേലിക്കര ട്രഷറിയിൽ 29.08.2008-ൽ 187 നമ്പർ ചെല്ലാൻ പ്രകാരം അടിച്ചിട്ടുണ്ടെന്ന് ഭരിക്കുർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

2.4.3 ഓഡിറ്റിൽ നഷ്ടമായി കാണിച്ച 23,464/-രൂപ അന്നത്തെ സെക്രട്ടറിയായി ശ്രീ. എൻ. വാസുദേവൻ, മാവേലിക്കര ട്രഷറിയിൽ ഒടുക്കിയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പലിശ ഇതുവരെയായി ഈടാക്കിയതായി കാണുന്നില്ല.

## തുടർശിപാർശ

**2.4.4 ഓഡിറ്റിൽ നഷ്ടമായി കാണിച്ച തുകയുടെ പലിശ ഈടാക്കുവാൻ നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

## ഖണ്ഡിക നമ്പർ 80

## ശിപാർശ

2.5.1 തൊഴിലുറപ്പ് പദ്ധതിയുള്ള ചെലവുകൾ സംബന്ധിച്ച ഫയലുകളിന്മേൽ പുനഃപരിശോധന നടത്തി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നൽകിയ റിപ്പോർട്ടിൽ ഇൻവോയ്സ് പ്രകാരം കയറ്റിറക്കുകൂലി കൂടാതെ 1,05,810.70 രൂപയും 8 ബാരൽ ടാറിന് 10,993/- രൂപയുമാണ് ഓഡിറ്റ് വകുപ്പ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ ബന്ധപ്പെട്ട കരാറുകാരുടെ പക്കൽ നിന്നും യഥാക്രമം 77 ബാരൽ ടാറിന് 64,865/- രൂപയും 6,739/- രൂപയും മാത്രമാണ് ഈടാക്കിയിട്ടുള്ളതായി കാണുന്നത്. ഇൻവോയ്സ് പ്രകാരമല്ലാതെ എസ്റ്റിമേറ്റ് പ്രകാരമുള്ള ടാറിന്റെ വില ഈടാക്കുകമൂലം യഥാക്രമം 40,945.70 രൂപയും 4,254/- രൂപയും കുറവായാണ് ഈടാക്കിയിട്ടുള്ളതെന്ന് സമിതി കരുതുന്നു. ഇതു കൂടാതെ 85 വീപ്പകളുടെ വിലയായ 8,500/- രൂപയും അതിന്മേലുള്ള 10% നികുതിയായ 850/- രൂപയും ഈടാക്കേണ്ടതുണ്ട്. ആയതിനാൽ ബ്ലോക്ക പഞ്ചായത്തിനുള്ള യഥാർത്ഥ നഷ്ടം കണക്കാക്കി ആയത് ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കണമെന്നും ഇതു സംബന്ധിച്ച വിശദവിവരം സമിതിയെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.5.2 ഓഡിറ്റ് പരാമർശത്തിലെ പൂപ്പറമ്പ് കുട്ടക്കളം വെമ്പുവ പ്രവൃത്തികളുടെ കൺവീനറായ ശ്രീ. രാഘവൻ കെ.യുടെ പേരിൽ 01.10.2013-ന് ബ്ലോക്ക് ഓഫീസിൽ നിന്നും റവന്യൂ റിക്കവറി നടപടിയ്ക്ക് ശിപാർശ ചെയ്തിരുന്നു. എന്നാൽ റവന്യൂ റിക്കവറിയ്ക്കുള്ള നോട്ടീസ് ലഭിച്ചയുടൻ അദ്ദേഹം ഈ നടപടിയിൽ നിന്നും ഒഴിവാക്കുന്നതിനായി ഹൈക്കോടതിയിൽ നിന്നും സ്റ്റേ വാങ്ങുകയും മുഖ്യമന്ത്രിയ്ക്ക് നിവേദനം അയയ്ക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇദ്ദേഹത്തിൽ നിന്നും തുക ഇതുവരെ റവന്യൂ റിക്കവറി പ്രകാരം തിരിച്ച് പിടിച്ചിട്ടില്ല. തിരിച്ചുപിടിക്കേണ്ട തുക 49,415/- രൂപയും 18.5% പിഴ പലിശയും.

ഓഡിറ്റ് പരാമർശത്തിലെ ചാപ്പക്കടവ് ഏറ്റുപാറ റോഡിന്റെ കൺവീനറായ ശ്രീ. അബ്രഹാം തോണക്കര എന്നവരിൽ നിന്നും റവന്യൂ റിക്കവറി നടപടി പ്രകാരം 5,134/- രൂപ തളിപ്പറമ്പ് തഹസിൽദാർ തിരിച്ച് പിടിക്കുകയും, ആയത് ഇ 2-5184/13 നമ്പർ പ്രകാരമുള്ള 22.02.2015-ലെ കത്ത് പ്രകാരം ഡി.ഡി. ആയി ബ്ലോക്ക് ഓഫീസിൽ അയച്ചുതരികയും ചെയ്തിട്ടുണ്ടെന്ന് ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

2.5.3 പൂപ്പറമ്പ് കുട്ടക്കളം വെമ്പുവ പ്രവൃത്തികളുടെ കൺവീനറായ ശ്രീ.രാഘവൻ കെ. എന്നവർ റവന്യൂ റിക്കവറി നടപടികളിൽ നിന്ന് ഒഴിവാക്കുന്നതിന് ബഹു. ഹൈക്കോടതിയിൽ WP(C) No.352/2014 ആയി നല്കിയ പെറ്റീഷന് 03.01.2014-ന് പുറപ്പെടുവിച്ച വിധിയിൽ ഒരു മാസത്തേക്ക് സ്റ്റേ അനുവദിച്ചിട്ടുണ്ട്. ആയതിനു ശേഷം നാളിതു വരെ കരാറുകാരനിൽ നിന്നും നഷ്ടത്തുക ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. ചാപ്പക്കടവ് ഏറ്റുപാറ റോഡിന്റെ കൺവീനറായ ശ്രീ. അബ്രഹാം തോണക്കര എന്നവരിൽ നിന്നും റവന്യൂ റിക്കവറി നടപടികൾ പ്രകാരം ₹5,134 ഈടാക്കിയിട്ടുണ്ട്.

## തുടർശിപാർശ

**2.5.4 പൂപ്പറമ്പ്-കുട്ടക്കളം-വെമ്പുവ പ്രവൃത്തികളുടെ കൺവീനറായ ശ്രീ. കെ. രാഘവന് ഹൈക്കോടതിയിൽ നിന്നും അനുവദിച്ചിട്ടുള്ള സ്റ്റേ വെക്കേറ്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്നും ആയതിന്റെ വിശദാംശം ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

## ഖണ്ഡിക നമ്പർ 84

### ശിപാർശ

2.6.1 സ്ഥലമുൾപ്പെടെ ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ മുഴുവൻ സ്വത്തും ആർജിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽ നിന്നുള്ള തുകയാണ് വിനിയോഗിച്ചതെന്നും ഇപ്രകാരം അസറ്റ് ക്രിയേഷന് പ്ലാൻ ഫണ്ട് ഉപയോഗിക്കുന്നത് ചട്ടവിരുദ്ധമാണെന്നും വിലയിരുത്തിയ സമിതി ചട്ടവിരുദ്ധമായി പ്ലാൻ ഫണ്ട് വിനിയോഗിക്കുന്നത് ക്രമ വിരുദ്ധമാണെന്ന് പഞ്ചായത്തു കൗൺസിലിനെ ഉപദേശിക്കേണ്ടിയിരുന്ന പഞ്ചായത്ത് സെക്രട്ടറി അപ്രകാരം ചെയ്യുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടോയെന്നും, ഇക്കാര്യത്തിൽ സെക്രട്ടറി അദ്ദേഹത്തിന്റെ വിയോജനക്കുറിപ്പ് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കണമെന്നും, ഇക്കാര്യത്തിൽ സെക്രട്ടറിയുടെ ഭാഗത്ത് വീഴ്ച വന്നിട്ടുണ്ടെങ്കിൽ ടിയാനെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. പ്ലാൻ ഫണ്ടിൽ നിന്നും ചെലവാക്കിയ തുക പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്ന് തിരിച്ചടയ്ക്കുകയോ അല്ലെങ്കിൽ സർക്കാരിൽ നിന്നും സാധൂകരണം വാങ്ങുകയോ ചെയ്യണമെന്നും സമിതി നിർദ്ദേശിച്ചു.

### സർക്കാർ സ്വീകരിച്ച നടപടി

2.6.2 എടക്കാട് ബ്ലോക്ക് പഞ്ചായത്തിലെ പെരളശ്ശേരി ഗ്രാമപഞ്ചായത്തിൽ ലേബർ കോൺട്രാക്ട് സൊസൈറ്റി രൂപീകരിക്കുന്നതിനായി 1999-2000 സാമ്പത്തിക വർഷത്തിൽ പ്ലാൻ പദ്ധതി വിഹിതമായി 7,25,000/- രൂപ വകയിരുത്തിയ 31 എന്ന പ്രോജക്ടിൽ നിന്നും ആകെ 5,19,918/- രൂപയിൽ 5 ലക്ഷം രൂപ പ്ലാൻ ഫണ്ട് ചെലവഴിച്ചത് ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം തടസ്സപ്പെടുത്തിയിരുന്നു. പ്രസ്തുത ഖണ്ഡികയിൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 2009-11-ലെ 22-ാമത് റിപ്പോർട്ട് പ്രകാരം അന്നത്തെ സെക്രട്ടറിക്ക് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ ടിയാനെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്തിരുന്നു. മേൽ പരാമർശ റിപ്പോർട്ടിന് മുമ്പ് അതായത് 31.12.2002-ൽ അന്നത്തെ സെക്രട്ടറി ശ്രീ. ഗോപാലൻ പി. ഇ. സേവനത്തിൽ നിന്നും വിരമിച്ചതിനാൽ തുടർ നടപടി സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നും റിപ്പോർട്ട് ചെയ്തിരുന്നു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ച തുക ബ്ലോക്ക് പഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിൽ നിന്നും തിരിച്ചടക്കാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ തനതു ഫണ്ട് ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാലും ജനറൽ പർപ്പസ് ഫണ്ട് പരിമിതമായതിനാലും ടി വിഷയം ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി പ്രത്യേകം ചർച്ച ചെയ്യുകയും ഭരണ സമിതിയുടെ നിർദ്ദേശാനുസരണം പ്രസ്തുത ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ പ്രവർത്തനത്തെ കുറിച്ച് അന്വേഷിക്കുന്നതിന് ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ സബ് കമ്മിറ്റി 26.06.2013-ന് മേൽ ലേബർ കോൺട്രാക്ട് സൊസൈറ്റി സന്ദർശിക്കുകയും, ടി സ്ഥാപനം ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടെന്നും, ബ്ലോക്ക് പഞ്ചായത്തിന്റെ ധനസഹായത്താൽ ആർജ്ജിച്ച സ്വത്തുവകകൾ സ്ഥാപനത്തിൽ തന്നെ കണ്ടെത്തിയിരുന്നതായും, സ്ഥാപനത്തിന്റെ കീഴിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ ക്ഷേമം പരിഗണിച്ച് മറ്റ് നടപടി സ്വീകരിക്കുന്നതിൽ നിന്നും ഒഴിവാക്കിത്തരണമെന്ന് അന്ന് അന്വേഷണം നടത്തിയ സബ് കമ്മിറ്റി ശിപാർശ ചെയ്തിരുന്നു. മേൽ സ്ഥാപനത്തിന്റെ ആകെ ആസ്തിയുടെ മൂല്യം ഇപ്പോഴത്തെ നിരക്കനുസരിച്ച് 17,95,469/- രൂപ ലഭിക്കാൻ സാധ്യതയുണ്ടെന്ന് വിലയിരുത്തുന്നു. ആയത് സൊസൈറ്റി പ്രസിഡന്റും, സെക്രട്ടറിയും ഒപ്പ് വെച്ച നിലവിലെ സ്ഥാപനത്തിന്റെ ആസ്തിയിൽ നിന്നും വ്യക്തമാണ്.

ടി സ്ഥാപനത്തിന് നൽകിയ പ്ലാൻ ഫണ്ട് യഥാവിധി പ്രോജക്ട് വിഭാവനം ചെയ്ത് കാര്യങ്ങൾക്ക് വേണ്ടി ഉപയോഗിച്ചിട്ടുണ്ട്. ചെലവഴിച്ച തുക സൊസൈറ്റിയുടെ ആസ്തിയായി ഇപ്പോഴും നിലവിലുണ്ട്. നിരക്കനുസരിച്ച് ചെലവഴിച്ച തുകയേക്കാൾ ആസ്തി മൂല്യത്തിൽ വർദ്ധനവ് വന്നിട്ടുണ്ട് എന്ന് റിപ്പോർട്ട് ചെയ്ത് കൊള്ളുന്നു. അതിനാൽ ബഹു. നിയമസഭാ സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

2.6.3 24.10.2019-ന് നടത്തിയ സ്ഥലപരിശോധനയിൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുടേതായി ഒരു കെട്ടിടം പെരളശ്ശേരിയിൽ സ്ഥിതി ചെയ്യുന്നതായി കണ്ടെത്തി. എന്നാൽ പ്രസ്തുത കെട്ടിടത്തിൽ ഈ പേരിലുള്ള സൊസൈറ്റി ഇപ്പോൾ പ്രവർത്തിക്കുന്നില്ല. മാസ വാടക

അടിസ്ഥാനത്തിൽ ഒരു ടൂ വീലർ വർക്ക് ഷോപ്പാണ് ഇപ്പോൾ ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. കെട്ടിടത്തിന്റെ മുൻവശത്ത് മരാമത്ത് പ്രവൃത്തികൾക്കുപയോഗിക്കുന്ന കോൺക്രീറ്റ് മിക്സർ തുടങ്ങിയ ഉപകരണങ്ങൾ തുരുമ്പെടുത്ത് നശിച്ച നിലയിൽ സ്ഥിതി ചെയ്യുന്നുണ്ട്. സൊസൈറ്റിക്ക് മറ്റ് ഓഫീസോ ജീവനക്കാരോ ഇല്ല. ഇപ്പോൾ എന്തെങ്കിലും മരാമത്ത് പ്രവൃത്തികൾ ഈ സംഘം ഏറ്റെടുത്ത് നടത്തുന്നതായി അറിയാൻ കഴിഞ്ഞിട്ടില്ല.

## തുടർശിപാർശ

**2.6.4 ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ കൈവശമുള്ള സ്ഥലം ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

## അദ്ധ്യായം III

## സർക്കാരിന്റെ/സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടി തുടരേണ്ടതില്ല എന്ന് സമിതി തീരുമാനിച്ച ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും

### ഖണ്ഡിക നമ്പർ 21

### ശിപാർശ

3.1.1 ഇപ്രകാരം 100% സബ്സിഡി നൽകിയതിന് ഗവൺമെന്റിൽ നിന്നും സാധൂകരണം വാങ്ങിയിട്ടില്ലെങ്കിൽ ഗവൺമെന്റ് ഉത്തരവ് ലംഘിച്ച് സബ്സിഡി നൽകാൻ തീരുമാനിച്ച ബ്ലോക്ക് പഞ്ചായത്ത് സമിതിയുടെയും പഞ്ചായത്ത് സെക്രട്ടറിയുടെയും പേരിൽ ഉത്തരവാദിത്വം നിശ്ചയിച്ച് മേലിൽ ഇപ്രകാരം ആവർത്തിക്കരുതെന്ന് നിർദ്ദേശം നൽകുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.1.2 മേൽ പ്രോജക്ട് നടപ്പിലാക്കിയതുവഴി കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഖാദി നെയ്ത്ത് കേന്ദ്രങ്ങൾക്ക് ആവശ്യമായ 8 സ്പിന്റൽ ചർക്കകൾ വാങ്ങി നൽകിയ വകയിൽ ടി കേന്ദ്രത്തിന്റെ ആസ്തികൾ വർദ്ധിക്കുവാൻ സാധിച്ച എന്നും

പ്രസ്തുത യൂണിറ്റുകൾ നല്ല നിലയിൽ പ്രവർത്തിച്ച് നെയ്ത്ത് തൊഴിലാളി കൾക്ക് വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതി ശിപാർശ ചെയ്ത പ്രകാരം 100% സബ്സിഡി നൽകിയതിന് ഗവൺമെന്റിൽ നിന്നും സാധൂകരണം ലഭ്യമാക്കുന്നതിനു വേണ്ടി കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് തീരുമാനമെടുക്കുകയും കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി സർക്കാരിലേക്ക് സാധൂകരണത്തിന് അപേക്ഷിക്കുന്നതിന് ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഗ്രാമവികസന കമ്മീഷണർ മുഖേന അപേക്ഷ ലഭിക്കുന്ന പക്ഷം സർക്കാർ, ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>**

3.1.3 സർക്കാർ സാധൂകരണം ലഭിക്കുന്നതിന് 23/10/2018-ലെ നം. ബി.480/2011 കത്ത് പ്രകാരം ഗ്രാമവികസന കമ്മീഷണർ മുഖേന സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

## ഖണ്ഡിക നമ്പർ 22

## ശിപാർശ

3.2.1 ബ്ലോക്ക് പഞ്ചായത്ത് പ്ലാൻ ഫണ്ടിൽ നിന്നും 100% സബ്സിഡി നൽകി വാങ്ങിയ സാധനങ്ങൾ ബ്ലോക്കിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ സാധനങ്ങൾ വാങ്ങിയതിന്റെ രസീത് ബ്ലോക്കിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ലെന്നത് സംഗതികളുടെ ഗൗരവം വർദ്ധിപ്പിക്കുന്നു. പദ്ധതി നടത്തിപ്പ് പരിശോധിച്ചാൽ ബ്ലോക്കിന്റെ പ്ലാൻ ഫണ്ടിൽ നിന്നും പണം ഖാദി കേന്ദ്രത്തിനു സംഭാവനയായി നൽകുകയും അതുപയോഗിച്ച് ഖാദി കേന്ദ്രം തങ്ങൾക്കാവശ്യമായ നവീകരണ പ്രവൃത്തികൾ നിർവ്വഹിക്കുകയായിരുന്നുവെന്നും മനസ്സിലാകും. ബ്ലോക്കിന്റെ പദ്ധതിയനുസരിച്ച് നവീകരണത്തിനുദ്ദേശിച്ചിരുന്ന കോട്ടയോടി കേന്ദ്രത്തിനുവേണ്ടി വാങ്ങിയ 25 ചർക്കകൾ അവർക്കു നൽകാതെ പ്രോജക്ട് റിപ്പോർട്ടിൽ വിഭാവനം ചെയ്തതിനു വിരുദ്ധമായി ഖാദി കേന്ദ്ര ഡയറക്ടർ അവ കണ്ണവം കേന്ദ്രത്തിനു കൈമാറി എന്ന വസ്തുത പരിഗണിക്കുമ്പോൾ പ്രോജക്ട് തന്നെ ഫലപ്രാപ്തിയിലെത്തിയില്ലെന്നു വേണം കരുതാൻ. ആയതിനാൽ പ്രോജക്ട് റിപ്പോർട്ടിൽ നിന്നും വ്യതിചലിച്ച് കണ്ണവം

കേന്ദ്രത്തിന് ചർക്കകൾ നൽകാനുള്ള തീരുമാനത്തിന് സാധൂകരണം നൽകിയിരുന്നോ എന്നതു സംബന്ധിച്ച് സമിതിക്ക് വിശദീകരണം നൽകണമെന്ന് സമിതി ആവശ്യപ്പെടുന്നു. സാധൂകരണം നൽകിയിട്ടില്ലെങ്കിൽ കണ്ണൂർ കേന്ദ്രത്തിന് നൽകിയ ചർക്കകളുടെ വില പയ്യന്നൂർ ഖാദി കേന്ദ്രത്തിൽ നിന്നും തിരികെ ഈടാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

3.2.2 മാനന്തേരി, കൊട്ടിയോടി കൂരാറ കേന്ദ്രങ്ങളിലാണ് ചർക്കകൾ ആദ്യം നൽകിയിരുന്നതെങ്കിലും കൂത്ത് പറമ്പ് ബ്ലോക്കിലെതന്നെ മറ്റ് നൂൽനൂൽപ്പ് കേന്ദ്രങ്ങളിലെ ആവശ്യം പരിഗണിച്ച് ഏതാനും ചർക്കകൾ മറ്റ് യൂണിറ്റുകളിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. തൊഴിലാളികൾ വിട്ടുപോകുമ്പോൾ ഒഴിവ് വരുന്ന ചർക്കകൾ ഇപ്രകാരം മറ്റ് യൂണിറ്റുകൾക്ക് നൽകാറുണ്ട്. പദ്ധതി പ്രകാരം ലഭിച്ച ചർക്കകൾ കൂത്തുപറമ്പ് ബ്ലോക്കിലുള്ള ഖാദി നൂൽനൂൽപ്പ് കേന്ദ്രങ്ങളിൽ മാത്രമാണ് ഉപയോഗിക്കുന്നത് എന്ന് ഡയറക്ടർ, പയ്യന്നൂർ ഖാദി കേന്ദ്രം 01/02/2005-ലെ ആർ-125/സ്കീം/99-2000 കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഖാദി നെയ്ത്ത് കേന്ദ്രങ്ങൾക്ക് ആവശ്യമായ 8 സ്പിൻഡിൽ ചർക്കകൾ വാങ്ങി നൽകിയ വകയിൽ ടി കേന്ദ്രത്തിന്റെ ആസ്തികൾ വർദ്ധിപ്പിക്കുവാൻ സാധിച്ചു എന്നും പ്രസ്തുത യൂണിറ്റുകൾ നല്ല നിലയിൽ പ്രവർത്തിച്ച് നെയ്ത്ത് തൊഴിലാളികൾക്ക് വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരം 100% സബ്സിഡി നൽകിയതിന് ഗവൺമെന്റിൽ നിന്നും സാധൂകരണം ലഭ്യമാക്കുന്നതിനു വേണ്ടി കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്.

**<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>**

3.2.3 സർക്കാർ സാധൂകരണം ലഭിക്കുന്നതിന് 23/10/2018-ലെ നം. ബി-480/2011 കത്ത് പ്രകാരം ഗ്രാമവികസന കമ്മീഷണർ മുഖേന സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

## ഖണ്ഡിക നമ്പർ 32 (a)

### ശിപാർശ

3.3.1 ടി പദ്ധതിക്കായി കൺവീനർക്ക് നൽകിയ സെക്യേർഡ് അഡ്വാൻസായ 2,50,000 രൂപ അന്തിമ ബില്ലിൽ നിന്നും കുറവു ചെയ്തിട്ടുണ്ടോയെന്നും സമിതിയെ അറിയിക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു. സെക്യേർഡ് അഡ്വാൻസായി നൽകിയ 2,50,000 രൂപ ഉപയോഗിച്ചാണ് പണിക്കായുള്ള സാധന സാമഗ്രികൾ വാങ്ങിയതെന്നതിനാലും ഈ സാധനങ്ങൾ ഉപയോഗിച്ചു നടത്തിയ പ്രവൃത്തി മൂല്യനിർണ്ണയം നടത്തിയാണ് പാർട്ട് ബിൽ അനുവദിച്ചിട്ടുള്ളത് എന്നതിനാലും സെക്യേർഡ് അഡ്വാൻസ് നൽകിയ 7/99 മുതൽ പ്രവൃത്തി പൂർത്തിയാക്കിയതായി എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി അവസാന ബിൽ തയ്യാറാക്കുന്ന തീയതി വരെ പ്രസ്തുത തുകയ്ക്കുള്ള പലിശ കണക്കാക്കി കൺവീനറിൽ നിന്നും ഈടാക്കി വിശദവിവരം സമിതിയെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.3.2 നബാർഡ് സ്കീം പ്രകാരം ഏറ്റെടുത്തിരുന്ന മൂന്നാംപീടിക വട്ടിപ്രം മാണിക്കോത്ത് കണ്ടേരി റോഡ് പ്രവൃത്തി ഗുണഭോക്തൃ കമ്മിറ്റി മുഖേനയാണ് നടപ്പിലാക്കിയത്. ഗുണഭോക്തൃ കമ്മിറ്റി കൺവീനർക്ക് മൊബിലൈസേഷൻ അഡ്വാൻസായ 50,000/- രൂപയും സെക്യേർഡ് അഡ്വാൻസായ 2,00,000/- രൂപയും അനുവദിച്ചിരുന്നു. കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 21/06/2010 ലെ 35/2018-19 നമ്പർ തീരുമാനപ്രകാരം ശ്രീ. കെ. സഹദേവൻ, മൂന്നാംപീടിക വട്ടിപ്രം റോഡ് പ്രവൃത്തിയുടെ കൺവീനർക്ക് ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്. ആയതിൽ നിന്നും ഓഡിറ്റ് പരാമർശ പ്രകാരമുള്ള 78,750/- രൂപ പലിശയിനത്തിൽ ഈടാക്കിയിട്ടുണ്ട്. മേൽ ഓഡിറ്റ് പരാമർശ പ്രകാരമുള്ള തുക കൺവീനറിൽ നിന്നും ഈടാക്കിയിട്ടുള്ളതിനാലും ഇതു മുഖേന ബ്ലോക്ക് പഞ്ചായത്തിന് സാമ്പത്തിക നഷ്ടമൊന്നും ഉണ്ടായിട്ടില്ലാത്തതിനാലും ശിപാർശ ഖണ്ഡിക ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.3.3 കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 26/06/2018-ലെ 35/2018-19 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മൂന്നാംപീടിക വട്ടിപ്രം റോഡ് പ്രവൃത്തിയുടെ കൺവീനറായ ശ്രീ. കെ. സഹദേവൻ എന്നവർക്ക് ചെക്ക് നം. 803860 തീയതി 31/07/2018 പ്രകാരം ₹ 1,31,270 അനുവദിക്കുമ്പോൾ സെക്യേർഡ് അഡ്വാൻസ് തുകയായ ₹ 2,50,000-ത്തിന്റെ 7/99 മുതൽ 18/03/2001 വരെയുള്ള പലിശ യിനത്തിൽ ₹ 78,750 കുറവു വരുത്തിയാണ് പ്രസ്തുത തുക നൽകിയിട്ടുള്ളത്.

സമിതി ശിപാർശ നടപ്പാക്കിയ സാഹചര്യത്തിൽ പരാമർശം ഒഴിവാക്കാവുന്നതാണ്.

## ഖണ്ഡിക നമ്പർ 44

## ശിപാർശ

3.4.1 പ്രോജക്ട് നടപ്പാക്കുന്നതിനുള്ള സീഡ് മണി നിർവ്വഹണോദ്യോഗസ്ഥന് പണമായി നൽകിയ ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ നടപടി ചട്ടങ്ങൾക്കും നിലവിലുള്ള മാനദണ്ഡങ്ങൾക്കും വിരുദ്ധമാണെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. ഇപ്രകാരം പദ്ധതിപ്പണം ക്യാഷായി നൽകുകമൂലം നിർവ്വഹണോദ്യോഗസ്ഥന് യഥേഷ്ടം ദുരുപയോഗം ചെയ്യുന്നതിന് വഴിയൊരുക്കുകയും സർക്കാർ പണം എല്ലാ മാനദണ്ഡങ്ങളും കാറ്റിൽപ്പറത്തി കൈവശം വച്ച് അനുഭവിക്കുന്നതിന് അവസരം സൃഷ്ടിച്ചുകൊടുക്കുകയുമാണ് ഉണ്ടായത്. ആയതിനാൽ പദ്ധതി പണം മേലിൽ നിർവ്വഹണോദ്യോഗസ്ഥന്മാർക്ക് ക്യാഷായി നൽകരുതെന്നും ചെക്കായി മാത്രമേ നൽകാവുയെന്നും ടി തുക ട്രഷറിയിലോ ബാങ്കിലോ നിക്ഷേപിച്ച് ആവശ്യാനുസരണം വിനിയോഗിക്കണമെന്നും ദീർഘകാലം പണം കൈവശം വയ്ക്കാൻ അനുവദിക്കരുതെന്ന് കർശന നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.4.2 സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി മാത്രമെ നിർവ്വഹണോദ്യോഗസ്ഥർക്ക് പദ്ധതി നിർവ്വഹണത്തിനുള്ള പണം അനുവദിക്കാവൂ എന്നും ആവശ്യത്തിലധികമായി തുക പിൻവലിക്കേണ്ട സാഹചര്യം ഉണ്ടാവുകയാണെങ്കിൽ ഇപ്രകാരം അധികം പിൻവലിക്കുന്ന തുക ട്രഷറിയിൽ

ഉടൻതന്നെ തിരിച്ചടക്കേണ്ടതാണെന്നും കർശനമായി നിർദ്ദേശം നൽകികൊണ്ട് സർക്കാർ 07/07/2011 ലെ 28691/എസി2/08/ത.സ്വ.ഭ.വ നമ്പരായി സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്

3.4.3 ഈ ശിപാർശ ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കി യിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

3.4.4 ശിപാർശ നടപ്പിലാക്കിയിട്ടുണ്ട്. മറുപടി അംഗീകരിക്കാവുന്നതാണ്.

## ഖണ്ഡിക നമ്പർ 57

### ശിപാർശ

3.5.1 പായം പോസ്റ്റ് ഓഫീസ്-ഞണ്ടുംകണ്ണി റോഡ് പ്രവൃത്തിക്ക് അധികമായി ചെലവഴിച്ച തുക പിന്നീടുള്ള വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും വകകൊള്ളിക്കുകയും പണി പൂർത്തീകരിക്കുകയും ചെയ്ത സാഹചര്യത്തിൽ അനധികൃതമായി അധിക തുക ചെലവഴിച്ചതിന്മേൽ മേൽനടപടി അവസാനിപ്പി ക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. എന്നാൽ അധികരിച്ച ചെലവിന് സർക്കാരിന്റെ സാധൂകരണം വാങ്ങിയിട്ടുണ്ടെന്നാണ് ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് ബി.ഡി.ഒ സമിതിയെ അറിയിച്ചത്. എന്നാൽ ഓഡിറ്റിന്റെ പരിശോധനയിൽ അധിക ചെലവിന് സാധൂകരണം വാങ്ങിയിട്ടില്ലെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ സമിതിക്ക് തെറ്റായ വിവരം നൽകിയ ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ. സി. നാരായണനെതിരെ നടപടി സ്വീകരിച്ച് സമിതിയെ വിവരം അറിയിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.5.2 വർഷം 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII 13(ii) (ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത്) സംബന്ധിച്ച് പ്രോജക്ടിൽ പറഞ്ഞതിനേക്കാൾ അധിക തുക ചെലവാക്കിയതിന് ഗവൺമെന്റിന്റെ സാധൂകരണം വാങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖയും പകർപ്പും സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. തുടർന്ന് നിയമസഭാ സമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സാധൂകരണം

തേടുന്നതിനായി ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത്, സർക്കാരിന് അപേക്ഷ സമർപ്പിക്കുകയും 02/04/2009 ലെ സ.ഉ (സാധാ) നം. 853/09/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ നടപടി സാധൂകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

കൂടാതെ സാധൂകരണം ലഭിച്ചിരുന്നുവെന്ന് റിപ്പോർട്ട് സമർപ്പിച്ച സെക്രട്ടറി ശ്രീ. നാരായണൻ 31/03/2010-ന് സർവ്വീസിൽ നിന്നും വിരമിച്ചിട്ടുണ്ട്. 06/08/2012-ൽ ഇരിട്ടി മേഖലയുണ്ടായ ശക്തമായ വെള്ളപൊക്കത്തിൽ ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിൽ വെള്ളം കയറി പദ്ധതി സംബന്ധിച്ച് ഫയലുകൾ നശിച്ചുപോയിട്ടുണ്ടെന്നുള്ള വിവരവും സമർപ്പിച്ചിരുന്നു. മേൽ വസ്തുതകൾ പരിഗണിച്ചും സാധൂകരണ ഉത്തരവ് പരിഗണിച്ചും തുടർനടപടി ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.

**<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>**

3.5.3 സ.ഉ (സാധാ) നം. 853/09/ത.സ്വ.ഭ.വ/തിരുവനന്തപുരം 02/04/2009 ഉത്തരവ് പ്രകാരം ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സർക്കാർ സാധൂകരണം സംബന്ധിച്ച വിശദാംശങ്ങൾ യഥാസമയം ഓഡിറ്റിന് ഹാജരാക്കാത്തത് മൂലമാണ് ഇപ്രകാരം സംഭവിച്ചത്.

സർക്കാർ സാധൂകരണം ലഭിച്ച സാഹചര്യത്തിൽ പരാമർശം ഒഴിവാക്കാവുന്നതാണ്.

## ഖണ്ഡിക നമ്പർ 91

## ശിപാർശ

3.6.1 തദ്ദേശസ്വയംഭരണ വകുപ്പിന്റെ മേൽപ്പറഞ്ഞ ഉത്തരവ് തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് കർശനമായി പാലിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടി സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.6.2 സ.ഉ (സാധാ)നം. 1250/09 ത.സ്വ.ഭ.വ തീയതി 28/05/2009 ഉത്തരവ് പ്രകാരം 2009-10 വർഷത്തിൽ 47-ാം നമ്പരായി പ്രോജക്ട് തയ്യാറാക്കുകയും ആയതിന് 541/2009/ഡി.പി.സി/ഡി.പി.ഒ/കെ.എൻ.ആർ തീയതി 31/03/2009 പ്രകാരം അംഗീകാരം ലഭ്യമാക്കുകയും അപ്രകാരം ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും 31178/- രൂപ പിൻവലിച്ച് പ്ലാൻ ഫണ്ടിൽ നിക്ഷേപിക്കുകയും പ്രസ്തുത തുക ഓഫീസ് കമ്പ്യൂട്ടർവൽക്കരണത്തിനായി ഉപയോഗിക്കുകയും ചെയ്തിട്ടുണ്ടെന്ന് തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.6.3 തനത് ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ട തുകകൾ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ചതിന് സ.ഉ.(സാധാ)നം. 120/09 ത.സ്വ.ഭ.വ തീയതി: 28/06/2009 ഉത്തരവ് പ്രകാരം സാധൂകരണം ലഭിക്കുകയും 2009-10 വർഷത്തെ വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും 31178 രൂപ വാർഷിക പദ്ധതിക്ക് വേണ്ടി വകയിരുത്തുവാൻ ആവശ്യപ്പെട്ടിരുന്നത് പ്രകാരം 24/03/2010-ന് മേൽ തുക ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും പിൻവലിച്ച് പ്ലാൻ ഫണ്ടിൽ നിക്ഷേപിക്കുകയും പ്രസ്തുത തുക ഓഫീസ് കമ്പ്യൂട്ടർവത്ക്കരണത്തിന് ഉപയോഗിക്കുകയും ചെയ്തിട്ടുണ്ടെന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

## ഖണ്ഡിക നമ്പർ 117

## ശിപാർശ

3.7.1 ശിവപുരം മഹാദേവ കുളം സംരക്ഷണം എന്ന പ്രോജക്ടുകൊണ്ട് പൊതുജനങ്ങൾക്ക് വേണ്ടത്ര പ്രയോജനം ലഭിച്ചിട്ടില്ലെന്നും പ്രോജക്ട് റിപ്പോർട്ടിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രകാരം ഈ കുളം നീന്തലിനും, മത്സ്യം വളർത്തുന്നതിനും, ജലസേചനത്തിനും ഉപയോഗിക്കുന്നില്ലെന്നും പായൽ വന്ന് മൂടിക്കിടക്കുന്ന കുളം ക്ഷേത്രക്കുളമായതിനാൽ ഒരു വിഭാഗം ജനങ്ങൾ കുളിക്കുന്നതിനു മാത്രമാണ് ഉപയോഗിക്കുന്നതെന്നും സമിതി വിലയിരുത്തുന്നു. തന്നെയുമല്ല കുളം സംരക്ഷിച്ചത് സംബന്ധിച്ചോ പണി ചെയ്തതു സംബന്ധിച്ചോ ബ്ലോക്ക് പഞ്ചായത്തിന്റെ ബോർഡോ

മറ്റു യാതൊരു തെളിവും കുളത്തിന്റെ പരിസരത്തു സ്ഥാപിച്ചിട്ടില്ല എന്നും മറിച്ച് ക്ഷേത്രഭരണ സമിതി വക ബോർഡാണ് കുളത്തിന്റെ പാർശ്വഭിത്തിയിൽ പ്രദർശിപ്പിച്ചിരിക്കുന്നത് എന്നതിനാൽ ചെലവു കാണിച്ചിട്ടുണ്ടെങ്കിലും പണി ആരാണ് യഥാർത്ഥത്തിൽ നടത്തിയിരിക്കുന്നത് എന്ന് അവ്യക്തമാണെന്നും സമിതി ചൂണ്ടിക്കാണിക്കുന്നു. പൊതുധനം ഇപ്രകാരം മാനദണ്ഡമല്ലാതെ പ്രയോജനരഹിതമായ ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നത് ആശാസ്യമല്ലെന്നും മേലിൽ ഇത്തരം പ്രവർത്തികൾ ആവർത്തിക്കരുതെന്നും സമിതി നിർദ്ദേശിക്കുന്നു. ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തു നടത്തുന്ന പണികളെ സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ ബോർഡ് പണിസ്ഥലത്ത് സ്ഥാപിക്കുന്നതിന് ജാഗ്രത ഉണ്ടാകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.7.2 പൊതുധനം ഗവൺമെന്റ് മാനദണ്ഡത്തിനനുസരിച്ച് മാത്രമേ ഇപ്പോൾ ചെലവഴിക്കുന്നുള്ളുവെന്നും മാനദണ്ഡങ്ങൾക്കനുസൃതമല്ലാത്ത പദ്ധതികൾ ഒന്നും ഏറ്റെടുത്ത് നടപ്പിലാക്കുന്നില്ലായെന്നും ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ സ്ഥലത്ത് പ്രവൃത്തികളുടെ വിശദവിവരങ്ങളടങ്ങിയ ബോർഡുകൾ ഇപ്പോൾ പണി തുടങ്ങുന്ന സമയത്ത് തന്നെ സ്ഥാപിക്കുന്നുണ്ടെന്നും പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.7.3 സമിതി നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. മറുപടി അംഗീകരിക്കാവുന്നതാണ്.

**കെ. സുരേഷ് കുറുപ്പ്,**

**അദ്ധ്യക്ഷൻ,**

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.**

**തിരുവനന്തപുരം,**

**2021 ജനുവരി 21....**

# അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങൾ/തുടർശിപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം/വകുപ്പ് | നിഗമനങ്ങൾ/തുടർശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 2.1.4 | തദ്ദേശസ്വയംഭരണം | ബ്ലോക്ക് പഞ്ചായത്ത് പ്ലാൻഫണ്ടിൽ നിന്നും 100% സബ്സിഡി നൽകി വാങ്ങിയ സാധനങ്ങൾ ബ്ലോക്കിന്റെ അസറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തുകയും, അതു സംബന്ധിച്ച സർട്ടിഫിക്കറ്റ് ഖാദി കേന്ദ്രത്തിൽ നിന്നു വാങ്ങി സൂക്ഷിക്കുകയും, സാധനങ്ങൾ ബ്ലോക്കിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തുകയും, 100% സബ്സിഡി നൽകിയ നടപടി പരിശോധനാവിധേയമാക്കി, അധികച്ചെലവിന് ഉത്തരവാദിയായവരിൽ നിന്നു തുക ഈടാക്കുകയും ചെയ്തു സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുത്തിയ വിശദമായ റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 2.2.4 | തദ്ദേശസ്വയംഭരണം | വിൽപ്പന നികുതി, വിൽപ്പന നികുതി സർചാർജ്ജ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവയിലേക്ക് പാർട്ട് ബില്ലുകളിൽ നിന്നും തുക ഈടാക്കി ഒടുക്കുന്നതിനും, സെക്യേർഡ് അഡ്വാൻസായി അനുവദിച്ച 2,50,000/- രൂപയുടെ 7/99 മുതൽ 18.03.2011 വരെയുള്ള പലിശയും തിരിച്ചടയ്ക്കുന്നതിനും വേണ്ടി കൺവീനർക്ക് 24.11.2011-ന് നിർദ്ദേശം |

| | | | |
|---|---|---|---|
| | | | നൽകിയിരുന്നെങ്കിലും തുടർ നടപടികൾ സ്വീകരിച്ചില്ലെന്നുള്ള ഓഡിറ്റിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 3. | 2.3.4 | തദ്ദേശസ്വയംഭരണം | പഞ്ചായത്തിന് നഷ്ടമായ തുക ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥന്റെ പെൻഷൻ ബെനിഫിറ്റിൽനിന്നും ഈടാക്കിയതു സംബന്ധിച്ച വിശദവിവരം അറിയിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 4. | 2.4.4 | തദ്ദേശസ്വയംഭരണം | ഓഡിറ്റിൽ നഷ്ടമായി കാണിച്ച തുകയുടെ പലിശ ഈടാക്കുവാൻ നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 2.5.4 | തദ്ദേശസ്വയംഭരണം | പൂപ്പറമ്പ്-കുട്ടക്കളം-വെമ്പുവ പ്രവൃത്തികളുടെ കൺവീനറായ ശ്രീ. കെ. രാഘവന് ഹൈക്കോടതിയിൽ നിന്നും അനുവദിച്ചിട്ടുള്ള സ്റ്റേ വെക്കേറ്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്നും ആയതിന്റെ വിശദാംശം ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 6 | 2.6.4 | തദ്ദേശസ്വയംഭരണം | ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ കൈവശമുള്ള സ്ഥലം ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |